# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4728 — 26-10-2016-ൽ മറുപടിക്ക്

### വീട്ടുജോലിക്കാർക്ക് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചില ജില്ലകളിൽ അടിമകളെ പ്പോലെ ജോലി ചെയ്യുകയും എല്ലാവിധ പീഡന ങ്ങളും അനുഭവിച്ച് ജീവിക്കുകയും ചെയ്യുന്ന ഇന്നാട്ടിലെയും ഇതര സംസ്ഥാനങ്ങളിലെയും ദരിദ്രരായ പെൺകുട്ടികൾ ഉൾപ്പെടെയുള്ള വരുടെ ലിസ്റ്റും അനുബന്ധ രേഖകളും ലഭ്യമാണോ; | (എ) ലഭ്യമല്ല. |
| (ബി) ഇത്തരത്തിലുള്ളവർ പീഡനത്തിനും മരണത്തിനും ഇരയാകുമ്പോൾ മാത്രം പോലീസ് അന്വേഷണം നടത്തുന്നതിനു പകരം ഇവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ കൂടി തയ്യാറാക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) ഇത്തരം വിഷമ സാഹചര്യങ്ങളിൽ കഴിയുന്ന പെൺകുട്ടികളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് ചിൽഡ്രൻസ് ഹോമുകൾ പ്രവർത്തിക്കുന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ മുഖേനയാണ് ചിൽഡ്രൻസ് ഹോമുകളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നത്. സംസ്ഥാനത്ത് നാല് ചിൽഡ്രൻസ് ഹോമുകൾ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്നു. |
| (സി) കണ്ണൂർ ജില്ലയിൽ ബാലവേല ചെയ്തിരുന്ന കുട്ടികളെ രക്ഷപ്പെടുത്തിയതുപോലെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തും പ്രസ്തുത ജില്ലയിൽ വീട്ടുവേലയ്ക്ക് നിൽക്കുന്നവർക്ക് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്തും പീഡനങ്ങൾക്കിരയാകുന്ന പാവപ്പെട്ടവരെ സംരക്ഷിക്കാൻ നടപടികൾ ഉണ്ടാകുമോ? | (സി) ബാലവേലയ്ക്ക് നിയോഗിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതാണ്. വീട്ടുജോലി ചെയ്യുന്ന അസംഘടിതരായ തൊഴിലാളികളുടെ ക്ഷേമം ഉദ്ദേശിച്ച് 2011-ൽ കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ടി തൊഴിലാളികൾക്ക് പ്രസ്തുത പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ